2026
July
28
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




### പശ്ചിമേഷ്യയിലെ സംഘർഷം

# പ്രതിസന്ധിയിലും ഇന്ത്യ തളരില്ലെന്ന് ആർബിഐ

**മുംബൈ:** പശ്ചിമേഷ്യയിലെ സംഘർഷം, ആഗോള വ്യാപാരത്തിലെ അനിശ്ചിതത്വം, ദുർബല മൺസൂൺ എന്നിവ സമ്പദ്‌വ്യവസ്ഥയ്ക്ക് വെല്ലുവിളി ഉയർത്തുന്ന സാഹചര്യത്തിലും ഭാരതത്തിന്റെ വളർച്ചാ സാധ്യതകൾ ശക്തമായി തുടരുകയാണെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. ആർബിഐയുടെ ഏറ്റവും പുതിയ പ്രതിമാസ ബുള്ളറ്റിനിലെ സ്റ്റേറ്റ് ഓഫ് ദി എക്കണോമി റിപ്പോർട്ടിലാണ് ഈ വിലയിരുത്തൽ.

ആഭ്യന്തര ഉപഭോഗത്തിലെ സ്ഥിരത, സേവനമേഖലയുടെ മികച്ച പ്രകടനം, നിർമാണഅടിസ്ഥാന സൗകര്യ മേഖലകളിലെ നിക്ഷേപ വർധന, ബാങ്കുകളുടെ ആരോഗ്യകരമായ വായ്പാ വളർച്ച എന്നിവയാണ് സമ്പദ്‌വ്യവസ്ഥയെ മുന്നോട്ട് നയിക്കുന്ന പ്രധാന ഘടകങ്ങളെന്ന് റിപ്പോർട്ട് വ്യ



ക്തമാക്കുന്നു.

സ്വകാര്യ ഉപഭോഗവും പൊതുമേഖലാ നിക്ഷേപവും വളർച്ചയ്ക്ക് ശക്തമായ പിന്തുണ നൽകുന്ന സാഹചര്യത്തിൽ ഇന്ത്യയ്ക്ക് മറ്റ് പല രാജ്യങ്ങളെ അപേക്ഷിച്ച് ബാഹ്യ ആഘാതങ്ങളെ കൂടുതൽ ഫലപ്രദമായി നേരിടാൻ കഴിയുന്നുണ്ടെന്നും ആർബിഐ ചൂണ്ടിക്കാട്ടുന്നു.

അതേസമയം, പശ്ചിമേഷ്യയിലെ സംഘർഷം ദീർഘകാലത്തേക്ക് നീണ്ടാൽ ആഗോള വിപണിയിൽ അസംസ്കൃത എണ്ണവില വീണ്ടും കുതിച്ചുയരാൻ സാധ്യതയുണ്ടെന്ന മുന്നറിയിപ്പും റിപ്പോർട്ടിലുണ്ട്.ഭാരതത്തിന് ഊർജ ആവശ്യത്തിന്റെ വലിയൊരു പങ്കും ഇറക്കുമതിയെ ആശ്രയിക്കുന്നതിനാൽ എണ്ണവില വർധിക്കുന്നത് ഇറക്കുമതി ബിൽ ഉയരാനും ഗതാഗതച്ചെലവും ഉൽപ്പാദനച്ചെലവും വർധിക്കാനും ഇടയാക്കും. ഇതിന്റെ പ്രത്യാഘാതമായി പണപ്പെരുപ്പം വീണ്ടും സമ്മർദത്തിലാകാനുള്ള സാധ്യതയും ആർബിഐ ചൂണ്ടിക്കാട്ടുന്നു.

മൺസൂൺ മഴ പ്രതീക്ഷിച്ചതിലും കുറയുന്ന സാഹചര്യത്തിൽ കാർഷിക ഉൽപ്പാദനത്തിലും ഭക്ഷ്യധാന്യ വിതരണത്തിലും പ്രതിസന്ധി ഉണ്ടാകാൻ സാധ്യതയുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. ഇത് പച്ചക്കറി, ധാന്യങ്ങൾ, മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളുടെ വിലയെ ബാധിക്കാം.

# ഐപിഒയ്ക്ക് ഒരുങ്ങി സെപ്റ്റോയും മിൽകി മിസ്റ്റും

**മുംബൈ:** ഇന്ത്യൻ ഓഹരി വിപണിയിൽ അടുത്ത മാസം ക്വിക്ക് കൊമേഴ്സ് പ്ലാറ്റ്ഫോമായ സെപ്റ്റോ അടക്കം പന്ത്രണ്ടോളം കമ്പനികൾ 25,000 രൂപ അടുപ്പിച്ച് വിപണിയിൽ നിന്ന് സമാഹരിക്കും. യുഎസ് ഇറാൻ സംഘർഷത്തിൽ പരുങ്ങലിലായ ഇന്ത്യൻ വിപണി തിരിച്ചുവരവിന്റെ സൂചനകൾ കാണിച്ചതോടെയാണ് കമ്പനികൾ ഐപിഒ നീക്കം ശക്തമാക്കിയത്.

ഓഗസ്റ്റിൽ വിപണിയിലെത്തുന്ന ഏറ്റവും വലിയ ഐപിഒയും സെപ്റ്റോയുടേതാണ്. 8010 കോടി രൂപയുടെ നിക്ഷേപ അവസരമാണ് കമ്പനി ഒരുക്കുന്നത്. പുതിയ ഓഹരികളുടെ ഫ്രഷ് ഇഷ്യൂവും നിലവിലത്തെ നിക്ഷേപകർ ഓഹരി വിറ്റഴിക്കുന്ന ഓഫർ ഫോർ സെയിലും (ഒഎഫ്എസ്) ഇതിലുണ്ട്. 11.34 കോടി ഓഹരികളാണ് ഓഫർ ഫോർ സെയിൽ വഴി വിൽക്കുന്നത്.

ഹൗസിങ് ഫിനാൻസ് മേഖലയിൽ പ്രവർത്തിക്കുന്ന ട്രൂഹോം 3000 കോടി രൂപയുടെ ഐപിഒ നടത്തും. 1500 കോടി രൂപ വീതമുള്ള ഫ്രഷ് ഇഷ്യൂവും ഒഎഫ്എസും അടക്കമാണിത്. എഡ്ടെക് പ്ലാറ്റ്ഫോമായ എലവേറ്റ് ക്യാംപസസ് 2250 കോടി രൂപയാണ് സമാഹരിക്കുന്നത്. പൂർണമായും ഫ്രഷ് ഇഷ്യൂവാണിത്. 'ഇന്ത്യയുടെ ഷോപ്പിഫൈ' എന്നറിയപ്പെടുന്ന ഇകൊമേഴ്സ് എനേബ്ള്മെന്റ് പ്ലാറ്റ്ഫോമായ ഷിപ്റോക്കറ്റും ഓഗസ്റ്റിൽ ഐപിഒയ്ക്ക് ഇറങ്ങുന്നുണ്ട്. 2342 കോടി രൂപയാണ് കമ്പനി സമാഹരിക്കുന്നത്. ഇതിൽ 1100 കോടി രൂപയുടെ ഒഎഫ്എസും 1242 കോടി രൂപയുടെ ഫ്രഷ് ഇഷ്യൂവുമുണ്ട്.

തമിഴ്നാട്ടിലെ പ്രമുഖ പാലുൽപന്ന ബ്രാൻഡായ മിൽക്കി മിസ്റ്റാണ് ഓഗസ്റ്റിൽ ഐപിഒയ്ക്ക് തയാറെടുക്കുന്ന മറ്റൊരു കമ്പനി. 1997ൽ സ്ഥാപിതമായ കമ്പനി 1553 കോടി രൂപ സമാഹരിക്കാനാണ് സെബിയുടെ അനുമതി തേടിയത്. ക്ഷീരോൽപന്ന മേഖലയിൽ ഒരു ഇന്ത്യൻ കമ്പനി നടത്തുന്ന ഏറ്റവും വലിയ ഐപിഒ ആണിതെന്ന് വിദഗ്ധർ പറയുന്നു. പ്രീ ഐപിഒ റൗണ്ടിൽ 482 കോടി രൂപ കമ്പനി സമാഹരിച്ചിരുന്നു. ഇന്നോവേറ്റീവ് ഇന്ത്യ 2000 കോടി രൂപയും സമാഹരിക്കും.

# വീണ്ടും കുതിച്ച് എണ്ണവില: ബാരലിന് 100 ഡോളർ കടന്നു

**മുംബൈ:** പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായതോടെ അന്താരാഷ്ട്രവിപണിയിൽ എണ്ണവില വീണ്ടും കുതിക്കുന്നു. അന്താരാഷ്ട്ര ബെഞ്ച്മാർക്കായ ബ്രെന്റ് ക്രൂഡ് വില വീണ്ടും 100 ഡോളർ കടന്നു.

സൗദി അറേബ്യയുടെ എണ്ണടാങ്കറുകൾക്കു നേരേ ചെങ്കടലിൽ ഹൂതികൾ ആക്രമണം നടത്തിയതോടെയാണ് എണ്ണവിപണിയിൽ സമ്മർദം കൂട്ടിയത്. സൗദിയിൽനിന്നുള്ള എണ്ണനീക്കത്തിൽ ചെങ്കടൽ നിർണായകമാണെന്നതിനാൽ ഇവിടെയുണ്ടാകുന്ന ആക്രമണം ആഗോള എണ്ണനീക്കത്തിൽ വലിയ വെല്ലുവിളിയായി മാറും. രണ്ടു കപ്പലുകൾക്കു നേരേയാണ് ആക്രമണം നടത്തിയതെന്ന് ഹൂതികൾ



അവകാശപ്പെട്ടു. ഇതിലൊന്ന് ഇന്ത്യയിലേക്കും ഒന്ന് ചൈനയിലേക്കുമുള്ളതായിരുന്നെന്നാണ് വിവരം. ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ കപ്പലുകൾ യാത്ര ഉപേക്ഷിച്ച് പിന്തിരിഞ്ഞു.

ഇറാനും അമേരിക്കയും തമ്മിലുള്ള ആക്രമണം വീണ്ടും ശക്തമായ സാഹചര്യത്തിൽ രണ്ടാഴ്ചയ്ക്കിടെ അസംസ്കൃത എണ്ണവിലയിൽ 20 ശതമാനം വർധനയാണ് രേഖപ്പെടുത്തിയത്. ഇതോടെ വില രണ്ടു മാസത്തിനിടയിലെ ഉയർന്ന നിലയിലായി.

ഇന്ത്യക്ക് കുറഞ്ഞവിലയിൽ റഷ്യൻ എണ്ണ ലഭിക്കുന്നതു നിലയ്ക്കുകയാണ്. പശ്ചിമേഷ്യൻ സംഘർഷത്തെത്തുടർന്ന് അസംസ്കൃത എണ്ണയ്ക്ക് ആവശ്യക്കാർ കൂടിയതോടെ ഇന്ത്യക്കുള്ള ഇളവുകൾ വ്യാപാരക്കമ്പനികൾ ഒഴിവാക്കുകയാണ്. ബി.പി.സി.എലിന് ഓഗസ്റ്റിലേക്കുള്ള എണ്ണയുടെ ലഭ്യത ഉറപ്പായിട്ടുണ്ട്. അതേസമയം, സെപ്റ്റംബറിലേക്ക് എണ്ണയ്ക്കായി വഴി തേടിക്കൊണ്ടിരിക്കുകയാണെന്ന് റിപ്പോർട്ടുകൾ പറയുന്നു. സെപ്റ്റംബറിലേക്കായി റഷ്യൻ എണ്ണ വാഗ്ദാനവുമായി കമ്പനികളുണ്ടെങ്കിലും ഇളവുകളൊന്നുമില്ലെന്ന് ബി.പി.സി.എൽ. അധികൃതർ പറയുന്നു.







## എം.ജി സർവകലാശാല

**പരീക്ഷാഫലം**

മൂന്നാം സെമസ്റ്റർ എം.എസ്.സി സുവോളജി (പി.ജി.സി.എസ്.എസ്) (2024 അഡ്മിഷനിലെ തോറ്റ വിദ്യാർഥികൾക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 6 വരെ ഓൺലൈനായി അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എസ്.സി പോളിമർ കെമിസ്ട്രി (2024 അഡ്മിഷൻ റെഗുലർ / 2023, 2022, 2021, 2020, 2019 അഡ്മിഷനുകൾ റീഅപ്പിയറൻസ്) ജൂൺ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനായി അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എസ്.സി ബോട്ടണി (2024 അഡ്മിഷൻ റെഗുലർ / 2023, 2022, 2021, 2020, 2019 അഡ്മിഷനുകൾ റീഅപ്പിയറൻസ്) ജൂൺ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനായി അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എ ബിസിനസ് ഇക്കണോമിക്സ് (2024 അഡ്മിഷൻ റെഗുലർ / 2023, 2022, 2021, 2020 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനായി അപേക്ഷിക്കാം.

നാലാം സെമസ്റ്റർ (പി.ജി.സി.എസ്.എസ്) എം.എസ്.സി പ്ലാന്റ് ബയോടെക്നോളജി (2024 അഡ്മിഷൻ റെഗുലർ / 2023, 2022, 2021, 2020, 2019 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനായി അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എസ്.സി എൻവയോൺമെന്റ് സയൻസ് ആൻഡ് മാനേജ്മെന്റ് (സി.എസ്.എസ്) (2024 അഡ്മിഷൻ റെഗുലർ / 2023, 2022, 2021, 2020, 2019 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനായി അപേക്ഷിക്കാം.

ബി.എ മോഡൽ 1 ആനുവൽ സ്കീം ലാസ്റ്റ് & ഫൈനൽ സ്പെഷ്യൽ മേഴ്സി ചാൻസ് - പാർട്ട് മെയിൻ & പാർട്ട് സബ്സിഡറി (1992-97 അഡ്മിഷൻ റെഗുലർ & പ്രൈവറ്റ്) ഡിസംബർ 2024 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.

നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ് എം.എ ഹിന്ദി (2024 അഡ്മിഷൻ റെഗുലർ / 2023, 2022, 2021, 2020, 2019 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനായി അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എ ഹിസ്റ്ററി (2024 അഡ്മിഷൻ റെഗുലർ / 2023, 2022, 2021, 2020, 2019 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനായി അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എസ്.സി ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി (2024 അഡ്മിഷൻ റെഗുലർ / 2023, 2022, 2021, 2020, 2019 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനായി അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ് (പി.ജി.സി.എസ്.എസ്) (2024 അഡ്മിഷൻ റെഗുലർ / 2023, 2022, 2021, 2020, 2019 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനായി അപേക്ഷിക്കാം.

നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ് എം.എ എക്കണോമെട്രിക്സ് (2024 അഡ്മിഷൻ റെഗുലർ / 2023, 2022, 2021, 2020, 2019 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ ഓൺലൈനായി അപേക്ഷിക്കാം.

ഒന്നാം വർഷ ബി.എസ്.സി നഴ്സിംഗ് സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷ (2012 മുതൽ 2015 വരെയുള്ള പഴയ സ്കീം അഡ്മിഷനുകൾ), മെയ് 2025 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.

ഒന്നാം വർഷ ബി.എസ്.സി നഴ്സിംഗ് ലാസ്റ്റ് ആൻഡ് ഫൈനൽ സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷ (2012ന് മുൻപുള്ള അഡ്മിഷനുകൾ), ഏപ്രിൽ 2025 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 8 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.




അങ്കമാലി നഗരത്തെ വയോജന സൗഹൃദമാക്കാൻ ലക്ഷ്യമിട്ട് റോട്ടറി ക്ലബ് ഓഫ് അങ്കമാലി ഗ്രേറ്റർ നടപ്പാക്കുന്ന കമ്മ്യൂണിറ്റി കണക്ട് വയോജന സൗഹൃദ അങ്കമാലി പദ്ധതിയുടെ ഉദ്ഘാടനം പ്രസിഡന്റ് ഡോ. സെബി വർഗീസ് നിർവഹിക്കുന്നു.

# അങ്കമാലിയെ വയോജന സൗഹൃദ നഗരമാക്കാൻ പദ്ധതിയുമായി റോട്ടറി ക്ലബ്

**അങ്കമാലി:** അങ്കമാലി നഗരസഭയുമായും വിവിധ സ്ഥാപനങ്ങളും സംഘടനകളുമായി കൈകോർത്ത് അങ്കമാലിയെ വയോജന സൗഹൃദ നഗരമാക്കാനുള്ള പദ്ധതിയുമായി റോട്ടറി ക്ലബ് ഓഫ് അങ്കമാലി ഗ്രേറ്റർ. വയോജനങ്ങളുടെ അന്തസും ആരോഗ്യവും സുരക്ഷയും സാമൂഹിക പങ്കാളിത്തവും ഉറപ്പാക്കുന്നതിനുള്ള ദീർഘകാല ദൗത്യമായി കമ്മ്യൂണിറ്റി കണക്ട് വയോജന സൗഹൃദ അങ്കമാലി എന്ന പദ്ധതിക്ക് ക്ലബ് തുടക്കമിട്ടതായി പ്രസിഡന്റ് ഡോ. സെബി വർഗീസ് പറഞ്ഞു.

വയോജനങ്ങളുടെ ആവശ്യങ്ങളെക്കുറിച്ചുള്ള സർവേ, പ്രതിരോധ ആരോഗ്യപരിപാടികൾ, ദന്ത പരിശോധനകൾ, വാക്സിനേഷൻ സഹായം, ആരോഗ്യകരമായ വാർധക്യത്തെക്കുറിച്ചുള്ള ബോധവത്കരണം, പാലിയേറ്റീവ് പരിചരണ സഹായം, വാർധക്യ പാലിയേറ്റീവ് ഉപകരണ ലൈബ്രറി സേവനം, പൊതുസ്ഥലങ്ങളിൽ വയോജനങ്ങൾക്ക് ഇരിപ്പിടം സ്ഥാപിക്കൽ, കമ്മ്യൂണിറ്റി കണക്ട് കോൺക്ലേവ് എന്നിവ പദ്ധതിയുടെ ഭാഗമായി നടപ്പാക്കും.

അങ്കമാലി നഗരസഭ, ആരോഗ്യ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, സന്നദ്ധ സംഘടനകൾ, പാലിയേറ്റീവ് കെയർ കൂട്ടായ്മകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണം പദ്ധതിക്കുണ്ടാവുമെന്നു അദ്ദേഹം പറഞ്ഞു.

അത്താണി എയർലിങ്ക് കാസിലിൽ നടന്ന ചടങ്ങിൽ ഡോ. സെബി വർഗീസിന്റെ നേതൃത്വത്തിലുള്ള പുതിയ ഭരണസമിതി സ്ഥാനമേറ്റു. റോട്ടറി സോൺ 5 അസിസ്റ്റന്റ് റോട്ടറി മെമ്പർഷിപ്പ് കോഓർഡിനേറ്റർ രാജ്മോഹൻ നായർ മുഖ്യാതിഥിയായിരുന്നു. ഡിസ്ട്രിക്ട് അസിസ്റ്റന്റ് ഗവർണർ അഡ്വ. എസ്. പ്രേംകുമാർ, സെക്രട്ടറി പോളി കുര്യാക്കോസ്, ട്രഷറർ ബോബി പോൾ, ബിജു വട്ടത്തറ, അഡ്വ. ബിന്ദു ആന്റണി എന്നിവർ പ്രസംഗിച്ചു.



# ഡിജിറ്റൽ സ്ക്വയർ പദ്ധതി ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ എൽ.പി, യു.പി പ്രൈമറി വിഭാഗങ്ങളിലെ ഐ.ടി പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ വകുപ്പ് കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ വഴി നടപ്പാക്കുന്ന ഡിജിറ്റൽ സ്ക്വയർ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ ഓൺലൈൻ ആയി നിർവ്വഹിച്ചു. കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും ഒരേസമയം സംഘടിപ്പിച്ച പ്രൈമറി സ്കൂൾ പ്രഥമാധ്യാപകരുടെ ശിൽപശാലയുടെ ഭാഗമായി എറണാകുളം ജില്ലയിൽ നടന്ന ചടങ്ങും മന്ത്രി ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ഡിജിറ്റൽ സ്ക്വയർ പദ്ധതിയുടെ ഔദ്യോഗിക മാർഗ്ഗരേഖയും മന്ത്രി പ്രകാശനം ചെയ്തു.

ഒന്നു മുതൽ ഏഴ് വരെയുള്ള ക്ലാസുകളിലെ കുട്ടികളിൽ കളിയിലൂടെയുള്ള പഠനം, സർഗ്ഗാത്മകത, സ്വയംപഠനശേഷി എന്നിവ വികസിപ്പിക്കാനാണ് ഡിജിറ്റൽ സ്ക്വയർ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ വ്യക്തമാക്കി. ജികോംപ്രിസ് പോലുള്ള എജുടെയിൻമെന്റ് സോഫ്റ്റ്‌വെയറുകൾ, ഇക്യൂബ് ലാംഗ്വേജ് ലാബുകൾ, ചിത്രരചനയ്ക്കും അനിമേഷനുമുള്ള സംവിധാനങ്ങൾ എന്നിവ പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിതമായി ഇതിൽ സജ്ജമാക്കിയിട്ടുണ്ടെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. കാഴ്ചപരിമിതിയുള്ളവർക്കും ഭിന്നശേഷിക്കാർക്കും ഒരുപോലെ പ്രയോജനപ്പെടുത്താവുന്ന രീതിയിലാണ് ഡിജിറ്റൽ സ്ക്വയർ ഡിസൈൻ ചെയ്തിരിക്കുന്നത്. സാങ്കേതികവിദ്യ കുട്ടികൾക്ക് ലഭ്യമാക്കുന്നതോടൊപ്പം അവരുടെ ഡിജിറ്റൽ സുരക്ഷിതത്വം ഉറപ്പാക്കാൻ സൈബർ സുരക്ഷാ പ്രോട്ടോക്കോൾ 2026 ശക്തമായി നടപ്പിലാക്കുമെന്നും, ഇതിനായി സ്കൂളുകളിലെ സൈബർ സേഫ്റ്റി കമ്മിറ്റികൾ സജീവമായി പ്രവർത്തിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു. കുട്ടികളുടെ പഠനമികവ് വിലയിരുത്തുന്ന താരാപഥം അക്കാദമിക മോണിറ്ററിംഗ് സംവിധാനം, വിദ്യാലയങ്ങളുടെ വിവരശേഖരമായ സ്കൂൾവിക്കി ശാക്തീകരിക്കുന്നതിനായി സ്കൂൾവിക്കിത്തോൺ, ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബുകൾ യു.പി തലത്തിലേക്ക് വ്യാപിപ്പിക്കൽ എന്നിവയും മന്ത്രി വിശദീകരിച്ചു.

പദ്ധതിയുടെ നടത്തിപ്പിനായി മുഴുവൻ ഐടി കോർഡിനേറ്റർമാർക്കും അധ്യാപകർക്കും കൈറ്റ് പ്രത്യേക പരിശീലനം നൽകുമെന്ന് പദ്ധതി വിശദീകരണം നടത്തി കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് അറിയിച്ചു.

## അറിയിപ്പുകൾ

### ലൈഫ് സർട്ടിഫിക്കറ്റ്

**കൊച്ചി:** ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ നിന്നും സാമ്പത്തിക സഹായം സ്വീകരിച്ചു കൊണ്ടിരിക്കുന്ന രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത സൈനികർ / സൈനിക വിധവകൾ തുടങ്ങിയവർ അവരുടെ ലൈഫ് സർട്ടിഫിക്കറ്റ് ഓഗസ്റ്റ് ഒന്നിനും അഞ്ചിനും ഇടയിൽ ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ നൽകണം. ഫോൺ: 0484 2422239

### അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വിമുക്തഭടന്മാരുടെ ആശ്രിതരിൽ നീറ്റ് പരീക്ഷ വിജയിച്ചവർക്ക് സെൻട്രൽ പൂൾ വഴി എം.ബി.ബി.എസ് / ബി.ഡി.എസ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 28. ഓൺലൈൻ അപേക്ഷകൾ www.ksb.gov.in എന്ന വെബ്സൈറ്റിൽ സമർപ്പിക്കണം. ഫോൺ: 0484 2422239

### ദർഘാസ്

**കൊച്ചി:** നോർത്ത് പറവൂർ ശിശു വികസന പദ്ധതി ഓഫീസറുടെ കീഴിലുള്ള വടക്കേക്കര, കോട്ടുവള്ളി, ചേന്നമംഗലം, ചിറ്റാട്ടുകര, ഏഴിക്കര ഗ്രാമപഞ്ചായത്തുകളിലെയും നോർത്ത് പറവൂർ നഗരസഭയുടെയും പരിധിയിലുള്ള 179 അങ്കണവാടികളിലേക്ക് പോഷക ബാല്യം പദ്ധതിയിൽ ഉൾപ്പെടുത്തി മുട്ട വിതരണം ചെയ്യുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസുകൾ ഓഗസ്റ്റ് 11 ഉച്ചയ്ക്ക് രണ്ടിനകം ലഭിക്കണം. ഫോൺ: 0484 2448803, ഇമെയിൽ: svponparvur@gmail.com

### അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഡയറക്ടർ ജനറൽ ഓഫ് റീസെറ്റിൽമെന്റ് (എക്സ് സർവീസ്മെൻ) വിവിധ തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. അർഹരായ വിമുക്തഭടന്മാരായ ഉദ്യോഗാർത്ഥികൾ www.dgrddemp@desw.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കണം.

### ക്വട്ടേഷൻ

**കൊച്ചി:** കൊച്ചി മെട്രോ പ്രൊജക്റ്റ് സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിലേക്ക് ആവശ്യമായ ഐ.ടി ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചു. അഞ്ച് ലാപ്ടോപ്പുകൾ, ഒരു എ4 ഫീഡർ സ്കാനർ, ഒരു വൈഫൈ റൂട്ടർ എന്നിവയാണ് ആവശ്യമായ ഉപകരണങ്ങൾ. താൽപ്പര്യമുള്ളവർ ഓഗസ്റ്റ് 10 ഉച്ചയ്ക്ക് ഒന്നിനകം ക്വട്ടേഷനുകൾ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് സ്പെഷ്യൽ തഹസിൽദാർ എൽ.എ നമ്പർ 1, കൊച്ചി മെട്രോ, സിവിൽ സ്റ്റേഷൻ, കാക്കനാട് 682030 എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ: 04842421482, ഇമെയിൽ: spltahsildarla1@gmail.com

# കാർഷികോത്പന്നങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ; 10 ലക്ഷം മുതൽ 3 കോടി വരെ ധനസഹായവുമായി സർക്കാർ

**തിരുവനന്തപുരം:** കാർഷികോത്പന്നങ്ങളുടെ സംസ്കരണവും മൂല്യവർധനയും ഉൾപ്പെടെയുള്ള ഭക്ഷ്യ വ്യവസായസംരംഭങ്ങൾ തുടങ്ങുന്നവർക്കു സഹായകരമായ പല പദ്ധതികളുണ്ട്. ഓൺലൈനായി അപേക്ഷിച്ച് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന ഈ പദ്ധതികളുടെ ആനുകൂല്യങ്ങൾ നേടിയെടുക്കാം

**01 സംരംഭക സഹായ പദ്ധതി**

ഉത്പാദനമേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് മൂന്നു തലങ്ങളിൽ സാമ്പത്തികസഹായം ലഭ്യമാക്കുന്ന പദ്ധതിയാണിത്. സ്റ്റാർട്ടപ്പ് സപ്പോർട്ടായി, സ്ഥിര മൂലധന വായ്പയെടുത്ത് (ഠല്യാ ഘലീമി) തുടങ്ങുന്ന സംരംഭങ്ങൾക്ക്, വായ്പ്പയുടെ 50 ശതമാനം, മൂന്ന് ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി മുൻകൂർ സഹായമായി നൽകുന്നു. കൂടാതെ നിക്ഷേപസഹായമായി പൊതുവിഭാഗത്തിന് 30 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി 15 ശതമാനവും, യുവസംരംഭകർ (1845), വനിതകൾ, പട്ടികജാതിപട്ടികവർഗത്തിപ്പെട്ടവർ, പ്രവാസി മലയാളികൾ എന്നിവരുൾപ്പെടുന്ന മുൻഗണനാവിഭാഗത്തിന് 40 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി 25 ശതമാനവും സഹായമായി ലഭിക്കും. പിന്നാക്ക ജില്ലകളിലെ സംരംഭങ്ങൾക്കും മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന വ്യവസായങ്ങൾക്കും 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി 10 ശതമാനം അധിക സഹായധനവും നൽകുന്നുണ്ട്. ഇതിനൊക്കെ പുറമേ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽനിന്നും സാങ്കേതികവിദ്യ കരസ്ഥമാക്കിയിട്ടുള്ള സംരംഭങ്ങൾക്ക് 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി, സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം അധിക സഹായധനം കിട്ടുന്നതാണ്.

**02 മാർജിൻ മണി**

10 ലക്ഷം രൂപവരെ മുതൽമുടക്കുള്ള, ഉത്പാദനമേഖലയിൽ മൂല്യവർധിത സേവനങ്ങൾ നൽകുന്ന നാനോ യൂണിറ്റുകൾക്ക് സഹായം ലഭിക്കും. സ്വന്തം മുതൽമുടക്ക് 30 ശതമാനവും ബാങ്കുവായ്പ 40 ശതമാനവും എന്ന മാനദണ്ഡപ്രകാരം 30 ശതമാനമാണ് പൊതുവിഭാഗത്തിന് സബ്സിഡിയായി ലഭിക്കുക. യുവസംരംഭകർ (പ്രായപരിധി 40 വയസ്സ്), വനിതകൾ, ഭിന്നശേഷിക്കാർ, പട്ടികജാതിവർഗത്തിപ്പെട്ടവർ, വിമുക്ത ഭടൻമാർ എന്നിവരെ മുൻഗണനാവിഭാഗമായാണ് പരിഗണിച്ചിരിക്കുന്നത്. സ്വന്തം മുതൽമുടക്ക് 20 ശതമാനവും ബാങ്കുവായ്പ 40 ശതമാനവും എന്ന മാനദണ്ഡപ്രകാരം 40 ശതമാനമാണ് ഈ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് സബ്സിഡിയായി ലഭിക്കുക.

**03 ഒരു കുടുംബം ഒരു സംരംഭം**

വായ്പ എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശസഹായം നൽകുന്ന പദ്ധതിയാണിത്. ഇതുപ്രകാരം പുതിയ ഉത്പാദന, സേവന, വ്യാപാര സംരംഭങ്ങൾക്ക് 10 ലക്ഷംവരെയുള്ള സംരംഭകത്വ വായ്പത്തുകയ്ക്ക് അഞ്ചുവർഷത്തേക്ക് ആറ് ശതമാനംവരെ പലിശയിളവ് കിട്ടുന്നതാണ്. 2022 ഏപ്രിൽ ഒന്നിനോ അതിനുശേഷമോ ഉത്പാദനം ആരംഭിച്ച സൂക്ഷ്മചെറുകിടഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ഈ പദ്ധതിക്ക് അർഹതയുണ്ട്.

**04 എം.എസ്.എം.ഇ. ഇൻഷുറൻസ്**

ഇതുപ്രകാരം 2023 ഏപ്രിൽ ഒന്നിനുശേഷം ഇൻഷുർ ചെയ്ത ഉത്പാദന, സേവന, വ്യാപാരസംരംഭങ്ങൾക്ക് വാർഷിക പ്രീമിയത്തിന്റെ 50 ശതമാനം തുക, 5000 രൂപയിൽ പരിമിതപ്പെടുത്തി സബ്സിഡിയായി നൽകും. ഇതുവരെ ഇൻഷുർ ചെയ്യാത്ത സംരംഭങ്ങൾക്ക് msmeinsurance.industry.kerala.gov.in/ എന്ന പോർട്ടലിലൂടെ ഇൻഷുർ ചെയ്യാനുള്ള സൗകര്യവുമുണ്ട്.

**പി.എം.എഫ്.എം.ഇ.:** പ്രധാൻ മന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ.) ഭക്ഷ്യസംസ്കരണ മേഖലയിലെ ചെറുകിട സംരംഭകർക്ക് സാമ്പത്തികസഹായം നൽകാൻ നടപ്പാക്കുന്ന പദ്ധതിയാണിത്. ഇന്ത്യയൊട്ടാകെ രണ്ടു ലക്ഷത്തോളം സംരംഭകർ ഇതിന്റെ ഉപഭോക്താക്കളാണ്. പുതിയ സംരംഭങ്ങൾക്കും നിലവിലുള്ളത് വിപുലീകരിക്കാനും സഹായം ലഭിക്കും. സൂക്ഷ്മ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക്, ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ പരിധിയിൽ സ്ഥിരമൂലധന നിക്ഷേപത്തിന്റെ 35 ശതമാനം ക്രെഡിറ്റ്ലിങ്ക്ഡ് കാപിറ്റൽ സബ്സിഡി ലഭിക്കും. എഫ്.പി.ഒ.കൾ, സ്വാശ്രയസംഘങ്ങൾ, സഹകരണസ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക്, അടിസ്ഥാനസൗകര്യങ്ങൾ സജ്ജമാക്കുന്നതിനായി പദ്ധതിവിഹിതത്തിന്റെ 35 ശതമാനം, പരമാവധി മൂന്നുകോടി രൂപയാണ് സഹായമായി കിട്ടുക. പദ്ധതി നടപ്പാക്കുന്നത്, ഈ വർഷം സെപ്റ്റംബർവരെ നീട്ടിയിട്ടുണ്ട്. വിവരങ്ങൾക്ക്: pmfme.mofpi.gov.in

**പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി:** പ്രൈം മിനിസ്റ്റേഴ്സ് എപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (പി.എം.ഇ.ജി.പി.) തൊഴിലും ഉത്പാദനവും പരിപോഷിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. പദ്ധതിപ്രകാരം ഉത്പാദനമേഖലയിലെ സംരംഭങ്ങൾക്ക് 50 ലക്ഷംവരെയുള്ള പദ്ധതി ചെലവിനുമേൽ സബ്സിഡി നൽകുന്നു. 10 ലക്ഷം രൂപയിൽ കൂടുതൽ പദ്ധതിച്ചെലവുള്ള സംരംഭങ്ങൾക്ക് സംരംഭകൻ എട്ടാംക്ലാസ് പാസായിരിക്കണമെന്ന നിബന്ധനയുണ്ട്.

സ്വന്തം മുതൽമുടക്ക് 10 ശതമാനവും ബാങ്കുവായ്പ 90 ശതമാനവും എന്ന മാനദണ്ഡപ്രകാരം പൊതുവിഭാഗത്തിൽപ്പെട്ടവർക്ക്, നഗരപ്രദേശങ്ങളിലെ സംരംഭങ്ങൾക്ക് 15 ശതമാനവും ഗ്രാമങ്ങളിലുള്ളവയ്ക്ക് 25 ശതമാനവും സബ്സിഡിയായി ലഭിക്കും.

വനിതകൾ, ഭിന്നശേഷിക്കാർ, പട്ടികജാതിവർഗത്തിലും മറ്റു പിന്നാക്ക ജാതികളിലും (ഒ.ബി.സി.) പെട്ടവർ, ന്യൂനപക്ഷ വിഭാഗം, വിമുക്ത ഭടന്മാർ എന്നിവരുൾപ്പെടുന്ന മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തം മുതൽമുടക്ക് അഞ്ച് ശതമാനവും ബാങ്കുവായ്പ 95 ശതമാനവും എന്ന മാനദണ്ഡപ്രകാരം നഗരപ്രദേശങ്ങളിലെ സംരംഭങ്ങൾക്ക് 25 ശതമാനവും ഗ്രാമങ്ങളിലുള്ളവയ്ക്ക് 35 ശതമാനവും സബ്സിഡി കിട്ടുന്നതാണ്. വിവരങ്ങൾക്ക്: pmegp.msme.gov.in

സംസ്ഥാന വ്യവസായ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളിൽ ഭാഗഭാക്കാവാൻ രെവലാലെ.industry.kerala.gov.in വഴി അപേക്ഷിക്കാം. സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കാൻ 1800 890 1030 എന്ന ടോൾ ഫ്രീ നമ്പറിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും (രാവിലെ എട്ടുമുതൽ രാത്രി എട്ടുവരെ) താലൂക്ക് വ്യവസായ ഓഫീസുകളിൽ സംരംഭകർക്കുള്ള ഫെസിലിറ്റേഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

# റോ റോയിൽ പുരുഷന്മാർക്കും സൗജന്യയാത്ര ഒരുങ്ങുന്നു

**കൊച്ചി:** കാൽനടയാത്രക്കാരായ സ്ത്രീകൾക്ക് പിന്നാലെ പുരുഷന്മാർക്കും കുട്ടികൾക്കും റോ റോയിൽ സൗജന്യയാത്ര ഏർപ്പെടുത്താൻ കോർപറേഷൻ ഒരുങ്ങുന്നു. പ്രായ ലിംഗഭേദമില്ലാതെ എല്ലാ കാൽനടയാത്രക്കാർക്കും റോ റോയിൽ സൗജന്യ യാത്രാ സൗകര്യം ഏർപ്പെടുത്താനുള്ള ഭരണസമിതിയുടെ വാഗ്ദാനത്തിന്റെ ഭാഗമായാണ് പുരുഷന്മാർക്കും സൗജന്യയാത്ര ആലോചിക്കുന്നതെന്ന് മേയർ അഡ്വ. വി.കെ. മിനിമോൾ പറഞ്ഞു. ക്രമീകരണം എങ്ങനെ ഏർപ്പെടുത്തണമെന്ന കാര്യത്തിൽ ആലോചനകൾ നടക്കുന്നതേയുള്ളൂ. ഒന്നു രണ്ടു പദ്ധതികൾ ആലോചനയിലുണ്ടെന്നും മേയർ പറഞ്ഞു.

സ്ത്രീകൾക്ക് ഇപ്പോൾ നൽകി വരുന്നതുപോലെ എല്ലാ കാൽനടയാത്രക്കാർക്കും റോ റോയിൽ സൗജന്യ യാത്ര നൽകുകയാണ് ആദ്യ ആലോചന. സൗജന്യയാത്ര ഏർപ്പെടുത്തുന്നതോടെ കാൽനടയാത്രക്കാരുടെ എണ്ണത്തിൽ വർധന ഉണ്ടായേക്കാമെന്നത് വാഹനയാത്രക്കാർക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ചേക്കുമെന്നതിനാൽ ബദൽമാർഗങ്ങളും ആലോചനയിലുണ്ട്.

റോ റോയിൽ വാഹനങ്ങൾ മാത്രം പ്രവേശിക്കാൻ അനുവദിച്ച് യാത്രക്കാർക്കായി ഫോർട്ട് ക്വീൻ ബോട്ട് സർവീസ് പുനരാരംഭിക്കുന്നതാണ് ബദൽ പ്ലാനിൽ ആദ്യത്തേത്. വൈപ്പിൻ ഫോർട്ട്കൊച്ചി റൂട്ടിൽ റോ റോ ആരംഭിച്ചശേഷം ഫോർട്ട് ക്വീൻ ബോട്ട് സർവീസ് നടത്തുന്നില്ല. വൈപ്പിൻ റോ റോ ജെട്ടിയിൽ വർഷങ്ങളായി ബോട്ട് നിർത്തിയിട്ടിരിക്കുകയാണ്. അറ്റകുറ്റപ്പണികൾ നടത്തി സർവീസ് ആരംഭിക്കാനായാൽ കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ടില്ലാതെ ബോട്ടിൽ സൗജന്യമായി യാത്ര ചെയ്യാനാകും.

മൂന്നാമത്തെ റോ റോ കൂടി സർവീസിൽ ഉൾപ്പെടുത്തുമ്പോൾ സർവീസ് സമയം ദീർഘിപ്പിക്കുന്നതും ആലോചനയിലുണ്ട്. ആറു മണിക്കൂർ വീതമുള്ള മൂന്ന് ഷിഫ്റ്റുകളായാകും സർവീസ് നടത്തുക. രാവിലെ സർവീസ് ആരംഭിച്ച് 18 മണിക്കൂർ തുടർച്ചയായി മൂന്നു ഷിഫ്റ്റുകളിൽ റോ റോ ഓടിക്കും. വിശ്രമവേള ആറു മണിക്കൂർ മാത്രമാക്കി ചുരുക്കും. റോ റോ നടത്തിപ്പ് കരാർ സംബന്ധിച്ച് ധാരണയായ ശേഷമേ ഇതു സംബന്ധിച്ച് തീരുമാനം എടുക്കുകുയുള്ളൂ എന്നും മേയർ പറഞ്ഞു.ഉദ്ഘാടനം ചെയ്ത് രണ്ടാഴ്ച പിന്നിട്ടിട്ടും മൂന്നാം റോ റോ സർവീസ് ആരംഭിച്ചിട്ടില്ല. നടത്തിപ്പുകരാർ സംബന്ധിച്ച അനിശ്ചിതത്വം നീളുന്നതാണ് കാരണം.

# നെട്ടുകാൽത്തേരിയിൽ സെൻട്രൽ ജയിൽ: തറക്കല്ലിടൽ സെപ്റ്റംബറിൽ; നിർമാണ ചെലവിന്റെ 70% കേന്ദ്ര സർക്കാർ നൽകും

**തിരുവനന്തപുരം:** തിരുവനന്തപുരം ജില്ലയിലെ നെട്ടുകാൽത്തേരിയിൽ പുതിയ സെൻട്രൽ ജയിലിന്റെ നിർമാണത്തിനു സെപ്റ്റംബറിൽ തറക്കല്ലിടുമെന്നു മന്ത്രി രമേശ് ചെന്നിത്തല. കേരള ജയിൽ സബോർഡിനേറ്റ് ഓഫിസേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ജയിൽ നിർമാണത്തിനായി ആവശ്യമായ തുകയുടെ 70% കേന്ദ്ര സർക്കാർ നൽകും. ബാക്കി തുക സംസ്ഥാന സർക്കാർ കണ്ടെത്തും. ഓപ്പറേഷൻ തൂഫാൻ ആരംഭിച്ചശേഷം 970 പേരെ ജയിലിലടച്ചു. റിമാൻഡ് പ്രതികളുടെ എണ്ണം വർധിച്ചെന്നും മന്ത്രി പറഞ്ഞു.

ജയിലുകളിൽ കഴിയുന്ന കുറ്റവാളികൾ മനുഷ്യരാണെന്നും അവർക്കും അവകാശങ്ങളുണ്ടെന്നും അദ്ദേഹം പറഞ്ഞു. ശിക്ഷയ്ക്കുശേഷം ജീവിതത്തിലേക്കു മടങ്ങിപ്പോകാൻ മാന്യമായ അവസരം തടവുകാർക്ക് ഉണ്ടാകണം.

ഇവരുടെ മാനസിക പരിവർത്തനത്തിനാണു പ്രാധാന്യം നൽകേണ്ടത്. തടവുകാരുടെ ഭക്ഷണകാര്യത്തിൽ തമിഴ്നാട് സർക്കാരിന്റെ മാതൃക പിന്തുടരില്ല. നല്ല ഭക്ഷണത്തിനും വിനോദത്തിനും കുറ്റവാളികൾക്കും അവകാശമുണ്ട്. ജയിൽ ജീവനക്കാരുടെ ശമ്പള വർധന, കന്റീൻ സൗകര്യം, ജീവനക്കാരുടെ എണ്ണം വർധിപ്പിക്കൽ എന്നിവ പരിഗണനയിലാണെന്നും മന്ത്രി പറഞ്ഞു.

കെജെഎസ്ഒഎ സംസ്ഥാന പ്രസിഡന്റ് സി.പി.റെനേഷ് അധ്യക്ഷത വഹിച്ചു. രാജൻ ജെ.പല്ലൻ എംഎൽഎ, മേയർ നിജി ജസ്റ്റിൻ, ജയിൽ എഡിജിപി എസ്.ശ്രീജിത്ത്, ഡിഐജിമാരായ വി.ജയകുമാർ, ടി.ആർ.രാജീവ്, എസ്.സജീവ്, വിയ്യൂർ അതീവ സുരക്ഷാ ജയിൽ സൂപ്രണ്ട് ആർ.എസ്. രാജേഷ് കുമാർ, സൂപ്രണ്ട് ഒ.എം. റത്തൂൺ, വിയ്യൂർ വനിതാ ജയിൽ സൂപ്രണ്ട് ജീന പനയൻ, പി.ടി.സന്തോഷ്, പി.വി.ജോഷി, അനീഷ് കെ.ഏല്യാസ് എന്നിവർ പ്രസംഗിച്ചു

സൊസൈറ്റി ടുഡേ
SOCIETY TODAY




# കേരളത്തിന്റെ കാർഷിക ഉൽപ്പന്നങ്ങൾ ഇനി ലോകവിപണിയിലേക്ക്; 333 കോടിയുടെ പദ്ധതിയുമായി കേര

**തിരുവനന്തപുരം:** ലോകബാങ്ക് സഹകരണത്തോടെ കേരളത്തിന്റെ കാർഷിക ഉൽപ്പന്നങ്ങളെ അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുന്ന പദ്ധതിയുമായി കേര. ഫാം ടു ഗ്ലോബൽ മാർക്കറ്റിംഗ് എന്ന നൂതനമായ രീതിയിലൂടെ കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങൾ ദേശീയഅന്തർ ദേശീയ മാർക്കറ്റുകളിലേക്ക് എത്തിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തുടനീളം 150 പ്രൊഡക്ടിവ് അലയൻസുകൾ (ഉൽപാദന സഖ്യങ്ങൾ) പ്രവർത്തികമാക്കുന്നതിനായി 333 കോടി രൂപയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കർഷക ഉൽപാദന കമ്പനികളും തത്പരരായ കാർഷിക സംരംഭകരും കേരയുമായി ഏർപ്പെടുന്ന ത്രികക്ഷി കരാറുകൾ മുഖേനയായിരിക്കും ഈ ഉൽപാദന സഖ്യങ്ങൾ നിലവിൽ വരിക.

കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർധനയിലൂടെ കർഷകർക്ക് സുസ്ഥിരമായ വിപണിയും മികച്ച വിലയും ഉറപ്പുവരുത്തുക എന്നതിനോടൊപ്പം കർഷകരും സംരംഭകരും തമ്മിൽ നേരിട്ടുള്ള വിപണിബന്ധം ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി കാർഷിക ഉൽപ്പാദക കമ്പനികളുടെ പ്രതിനിധികൾക്കും സംരംഭകർക്കുമായി തിരുവനന്തപുരം സമേതിയിൽ സംസ്ഥാനതല ശില്പശാല സംഘടിപ്പിച്ചു. കേര പ്രൊജക്റ്റ് ഡയറക്ടറും കാർഷികോൽപ്പാദന കമ്മീഷണറുമായ മിൻഹാജ് ആലം ശില്പശാല ഉദ്ഘാടനം ചെയ്തു. മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് മലബാർ മിരിസ്റ്റിക ഫാർമർ പ്രൊഡ്യൂസർ കമ്പനിയും എറണാകുളത്തെ കക്കോബിൻ ചോക്ലേറ്റ് കമ്പനിയും തമ്മിൽ രൂപീകരിച്ചിട്ടുള്ള പ്രഥമ കൊക്കോ അധിഷ്ഠിത ഉത്പാദന സഖ്യത്തെക്കുറിച്ചുള്ള അനുഭവങ്ങൾ ശില്പശാലയിൽ പങ്കുവെച്ചു.

ശില്പശാലയുടെ ഭാഗമായി സംസ്ഥാനത്തിന്റെ വടക്കൻമധ്യ മേഖലകളിലുള്ള 9 കാർഷിക ഉത്പാദന കമ്പനികളും സംരംഭകരും തമ്മിലുള്ള ഉത്പാദന സഖ്യങ്ങൾ രൂപീകരിക്കുന്നതിന് മുന്നോടിയായുള്ള കരട് ബിസിനസ് പ്ലാനുകൾക്ക് രൂപം നൽകി. റബ്ബർ, പഴങ്ങൾ, പച്ചക്കറികൾ, തേങ്ങ, കൊക്കോ, നെല്ല്, വാഴപ്പഴം, മഞ്ഞൾ, ഇഞ്ചി എന്നീ കാർഷിക ഉൽപ്പന്നങ്ങളെ കേന്ദ്രീകരിച്ചാണ് നിലവിൽ ഉത്പാദന സഖ്യങ്ങൾ രൂപീകരിക്കുന്നത്. കാർഷിക മേഖലയിലെ വിവിധ വിദഗ്ധരും ഉദ്യോഗസ്ഥരും പങ്കെടുത്ത ഈ പദ്ധതിയിലൂടെ കേരളത്തിലെ കർഷകർക്ക് ആഗോള വിപണിയുടെ വാതിലുകൾ തുറക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അഡിഷണൽ പ്രൊജക്റ്റ് ഡയറക്ടർ കെ. ഇമ്പശേഖർ, കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സുരേഷ് സി. തമ്പി, കേര ഇ.എസ്.എസ്. നോഡൽ ഓഫീസർ ഡോ.എസ്.യമുന, കണ്ണൂർ റീജ്യണൽ പ്രൊജക്റ്റ് ഡയറക്ടർ സ്മിത ഹരിദാസ്, തൃശ്ശൂർ റീജ്യണൽ പ്രൊജക്റ്റ് ഡയറക്ടർ പി.ഉണ്ണിരാജൻ, കേര തൃശൂർ റീജിയണൽ പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റ് ഡെപ്യൂട്ടി പ്രൊജക്റ്റ് ഡയറക്ടർ ജോസഫ് ജോൺ തേറാട്ടിൽ, സമേതി ഡയറക്ടർ പി.രാഘവേന്ദ്ര, ഗ്രാന്റ് തോൺടൻ പാർട്ണർ (ജി.ടി.) പ്രൊഫ.വി. പദ്മാനന്ദ്, അസ്സോസിയേറ്റ് ഡയറക്ടർ ആശിഷ് കുമാർ, മാനേജ്മെന്റ് കൺസൾട്ടന്റുമാരായ രഞ്ജിത്ത് കുമാർ, ശക്തികുമാരൻ, ആർ. ശ്രീകുമാർ, വി. വിഷ്ണു തുടങ്ങിയവർ സംസാരിച്ചു.



മാളികംപീടികയിൽ പ്രവർത്തനം ആരംഭിച്ച പ്രോ മോട്ടോഴ്സ്, പ്രീഓൺഡ് കാർ ഷോറൂം മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി വിഇ അബ്ദുൾ ഗഫൂർ, സിന്റ ജേക്കബ്, കെ.വി. പോൾ, എം.കെ. ബാബു, വിജി ജോളി, ടി.എ. മുജീബ്, പി.എം. മനാഫ്, സി.പി.ഐ.(എം) ബ്രാഞ്ച് സെക്രട്ടറി സിനി റെജി, മിനി പിയൂസ്, പ്രോ മോട്ടോഴ്സ് സ്ഥാപകരായ അബ്ദുൾ സുഹൈൽ, ഷഹന ഷാബിൻ എന്നിവർ സമീപം




# നേതൃഗുണം സ്വയം വളർത്തിയെടുക്കണം: എൻ. സുന്ദരവടിവേലു

**കൊച്ചി:** പ്രത്യേക വിഭാഗം ആളുകളിൽ മാത്രം ഒതുങ്ങുന്നതല്ല നേതൃത്വമെന്നും ഓരോരുത്തരും സ്വയം വളർത്തിയെടുക്കേണ്ട ഗുണമാണ് അതെന്നും എസ്‌വിപിആർ ആൻഡ് പാർട്ണേഴ്സ് മാനേജിംഗ് പാർട്ണർ അഡ്വ. എൻ. സുന്ദരവടിവേലു പറഞ്ഞു.

കേരള മാനേജ്മെൻറ് അസോസിയേഷൻ ഇൻസ്പെയർ സീരീസിൽ പ്രചോദനാത്മകമായ നേതൃത്വത്തിനുള്ള ഘടകങ്ങൾ എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആളുകൾ നമ്മെക്കുറിച്ചു പറയുന്ന വിജയങ്ങളല്ല, സ്വയം വിലയിരുത്തലുകളാണു വിജയത്തെ അളക്കുന്നതെന്നും സുന്ദരവടിവേലു കൂട്ടിച്ചേർത്തു. കെഎംഎ പ്രസിഡൻറ് അൽജിയേഴ്സ് ഖാലിദ് അധ്യക്ഷനായി.

# പൊന്നാനി കപ്പൽ നിർമാണ കേന്ദ്രം ഓഗസ്റ്റിൽ പ്രവർത്തന സജ്ജമാകും



**പൊന്നാനി:** തുറമുഖ വികസന ചരിത്രത്തിൽ നാഴികക്കല്ലായി കപ്പൽ നിർമാണ കേന്ദ്രം അടുത്ത മാസത്തോടെ പ്രവർത്തന സജ്ജമാകും. പൊന്നാനിയിൽ നിർമിക്കുന്ന ആദ്യ യാനം 2027 ഡിസംബറിൽ പുറത്തിറങ്ങും. തുറമുഖത്തെ 29 ഏക്കറിൽ ഹൈദരാബാദ് ആസ്ഥാനമായ ട്രാവൻകൂർ പ്രിസിഷൻ കംപോണന്റ്സ് കമ്പനിയാണ് കപ്പൽ നിർമാണ കേന്ദ്രം തുടങ്ങാൻ സംസ്ഥാന സർക്കാരുമായി കരാർ ഒപ്പിട്ടത്. ഇവരുടെ മറ്റൊരു കമ്പനിയായ ബ്ലൂ ജെൻ മറൈൻ കമ്പനിയുടെ നേതൃത്വത്തിലായിരിക്കും കപ്പലുകൾ നിർമിക്കുക.

നിലവിൽ 200 കോടി രൂപ ചെലവ് വരുന്ന 2 ഇലക്ട്രിക് ടഗ് ബോട്ടിന്റെ നിർമാണ കരാർ ലഭിച്ചതായി കമ്പനി അധികൃതർ അറിയിച്ചു. സിംഗപ്പൂർ ആസ്ഥാനമായുള്ള കമ്പനിയാണ് ഓർഡർ നൽകിയത്. മണിക്കൂറിൽ 4200 കിലോവാട്ട് ശേഷിയുള്ള ബാറ്ററികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ടഗ് ബോട്ടുകളാണ് നിർമിക്കുന്നത്. കടലോര സമുദ്ര പദ്ധതികൾക്ക് സഹായകമാകുന്ന ഓഫ്ഷോർ സപ്പോർട്ട് കപ്പലുകളും അത്യാധുനിക മീൻപിടിത്ത ബോട്ടുകളും യാഡിൽ നിർമിക്കും. ആദ്യഘട്ടത്തിൽ 50 മീറ്റർ വരെ നീളമുള്ള യാനങ്ങൾ നിർമിക്കാനാകും. രണ്ടാം ഘട്ടത്തിൽ 120 മീറ്റർ വരെ നീളമുള്ള കപ്പലുകളും യാഡിൽ പുറത്തിറക്കും.

തീരത്ത് യാഡ് തുടങ്ങുന്നതിനുള്ള പ്രാഥമിക നടപടികൾ തുടങ്ങി. പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള കപ്പൽ നിർമാണ കേന്ദ്രമാണിത്. പൊന്നാനി തുറമുഖ വികസനവുമായി ബന്ധപ്പെട്ട് 'തുറക്കാത്ത മുഖം' എന്ന പേരിൽ മലയാള മനോരമ പരമ്പര പ്രസിദ്ധീകരിച്ചിരുന്നു. തുടർന്നാണ് മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ തുറമുഖ വികസനത്തിനുള്ള നടപടികൾ തുടങ്ങിയത്.

സർക്കാരിന് ഓരോ വർഷവും ഒന്നരക്കോടി രൂപ വീതം തൊഴിൽ സാധ്യതകൾക്കും അനുബന്ധ വികസനങ്ങൾക്കുമപ്പുറം സംസ്ഥാന സർക്കാരിന് ഓരോ വർഷവും ഒന്നരക്കോടി രൂപ വീതം കപ്പൽ നിർമാണ കമ്പനി നൽകണമെന്നാണ് പ്രധാന വ്യവസ്ഥ. ഭൂമി വാടക ഇനത്തിൽ ഓരോ വർഷവും 25 ലക്ഷം രൂപയും സർക്കാർ ഈടാക്കും. വാടക ഓരോ വർഷവും 5% വീതം വർധിപ്പിക്കുകയും ചെയ്യും. കമ്പനിയുടെ ആകെ വരവിന്റെ (ആകെ ഓർഡർ തുകയുടെ) 0.5% ആദ്യ രണ്ടു വർഷവും തുടർന്നുള്ള രണ്ടു വർഷങ്ങളിൽ 0.75%, അതുകഴിഞ്ഞാൽ 1.5% വിഹിതവും സർക്കാരിന് നൽകണമെന്നാണ് വ്യവസ്ഥ.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഹോണ്ടയുടെ ഇറക്കുമതി ചെയ്ത ഹൈബ്രിഡ് എസ്യുവി ഇന്ത്യൻ വിപണിയിൽ

**കൊച്ചി:** പൂർണ്ണമായും ജപ്പാനിൽ നിർമ്മിച്ച് ഇറക്കുമതി ചെയ്യുന്ന ഹോണ്ടയുടെ പുതയ ഹൈബ്രിഡ് എസ്യുവി ഇസഡ് ആർവി ഇ:എച്ച്ഇവി ഇന്ത്യയിൽ അവതരിപ്പിച്ചു. 47,99,000 രൂപയാണ് ഡൽഹിയിലെ എക്സ് ഷോറൂം വില. 2.0 ലിറ്റർ ഇ:എച്ച്ഇവി സ്പോർട്സ് ഹൈബ്രിഡ് പവർ എഞ്ചിൻ നൽകുന്ന 184 പി.എസ് ആണ് വാഹനത്തിന്റെ കരുത്ത്. 315 എൻഎം ടോർക്കും 22.8 കിലോമീറ്റർ ഇന്ധനക്ഷമതയുമാണ് കമ്പനി അവകാശപ്പെടുന്നത്.ഫുൾ എൽഇഡി ലൈറ്റുകൾ, 18 ഇഞ്ച് അലോയ് വീലുകൾ, പ്രീമിയം ലെതർ ഇന്റീരിയർ, ഡ്യുവൽസോൺ ക്ലൈമറ്റ് കൺട്രോൾ, അത്യാധുനിക സുരക്ഷാ സാങ്കേതികവിദ്യകൾ എന്നിവയും വാഹനത്തിന്റെ പ്രധാന സവിശേഷതകളാണ്.

# ലങ്കൻ പ്രീമിയർ ലീഗിന് കരുത്തേകാൻ ഇന്ത്യൻ താരങ്ങളായ വിജയ് ശങ്കറും പിയൂഷ് ചൗളയും

**കൊച്ചി:** ശ്രീലങ്കയുടെ പ്രീമിയർ ടി20 ലീഗായ ലങ്കൻ പ്രീമിയർ ലീഗിന്റെ (എൽപിഎൽ) 2026 സീസണിൽ രാജ്യാന്തര മികവേകാൻ അനുഭവസമ്പന്നരായ ഇന്ത്യൻ താരങ്ങളായ വിജയ് ശങ്കറും പിയൂഷ് ചൗളയും എത്തുന്നു. ഇന്ത്യയിലെ ക്രിക്കറ്റ് ആരാധകരുമായി ടൂർണമെന്റിനുള്ള ബന്ധം കൂടുതൽ ദൃഢമാക്കാൻ ഈ താരങ്ങളുടെ സാന്നിധ്യം സഹായിക്കും.

എൽപിഎല്ലിൽ വിജയ് ശങ്കർ കാൻഡി റോയൽസിനെ പ്രതിനിധീകരിക്കുമ്പോൾ, പിയൂഷ് ചൗള ജാഫ്ന കിങ്സിനൊപ്പം ചേർന്നു. ഇന്ത്യൻ ക്രിക്കറ്റിലെയും രാജ്യാന്തര തലത്തിലെയും ഇവരുടെ അനുഭവസമ്പത്താണ് ഫ്രാഞ്ചൈസികൾക്ക് കരുത്താകുന്നത്.

പ്രമുഖ വിദേശ താരങ്ങൾക്കിടയിൽ എൽപിഎല്ലിന് വർദ്ധിച്ചുവരുന്ന സ്വീകാര്യതയാണ് ഇവരുടെ പങ്കാളിത്തത്തിലൂടെ വ്യക്തമാകുന്നത്. കൂടാതെ ദക്ഷിണേഷ്യൻ ഫ്രാഞ്ചൈസി ക്രിക്കറ്റിൽ ടൂർണമെന്റിന്റെ സ്ഥാനം കൂടുതൽ ശക്തമാക്കാനും ഇത് സഹായിക്കും.

കടുത്ത സമ്മർദ്ദമുള്ള ടി20 മത്സരങ്ങളിൽ കളിച്ച് പരിചയമുള്ള ഈ താരങ്ങൾക്കൊപ്പമുള്ള പരിശീലനവും ഡ്രസ്സിംഗ് റൂമിൽ സമയം ചെലവഴിക്കുന്നതും ശ്രീലങ്കൻ ക്രിക്കറ്റ് താരങ്ങൾക്ക് ലഭിക്കുന്ന മികച്ച അവസരമാണ്. കളിതന്ത്രങ്ങൾ മെനയാനും, മത്സരങ്ങൾക്കായുള്ള തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്താനും, സമ്മർദ്ദങ്ങളെ അതിജീവിച്ച് മികച്ച പ്രകടനം പുറത്തെടുക്കുന്നതിനും ഇത്തരം ആശയവിനിമയങ്ങൾ ലങ്കൻ യുവതാരങ്ങളെ സഹായിക്കും.

ഇന്ത്യയും ശ്രീലങ്കയും തമ്മിൽ ആഴത്തിലുള്ള ക്രിക്കറ്റ് ബന്ധമാണുള്ളത്, വിജയ് ശങ്കറിന്റെയും പിയൂഷ് ചൗളയുടെയും പങ്കാളിത്തം എൽപിഎൽ 2026ന് കൂടുതൽ മൂല്യം നൽകുന്നു. ഇവരുടെ അനുഭവസമ്പത്ത് ടൂർണമെന്റിനെ കൂടുതൽ മികച്ചതാക്കുന്നതിനൊപ്പം, ഉയർന്ന തലങ്ങളിൽ കളിച്ചിട്ടുള്ള ക്രിക്കറ്റ് താരങ്ങളിൽ നിന്ന് പഠിക്കാൻ ശ്രീലങ്കൻ താരങ്ങൾക്ക് അവസരം നൽകുകയും ചെയ്യുമെന്ന് ഐപിജി ഗ്രൂപ്പ് സ്ഥാപകനും ചെയർമാനുമായ അനിൽ മോഹൻ പറഞ്ഞു.

ശ്രീലങ്കൻ താരങ്ങളെയും രാജ്യാന്തര പ്രതിഭകളെയും അണിനിരത്തി അഞ്ച് ഫ്രാഞ്ചൈസികളാണ് ലങ്കൻ പ്രീമിയർ ലീഗ് 2026ൽ മാറ്റുരയ്ക്കുന്നത്. മികച്ച ക്രിക്കറ്റ് മത്സരങ്ങളും വിനോദവും ഒരുമിക്കുന്ന ഉയർന്ന നിലവാരത്തിലുള്ള അനുഭവമായിരിക്കും ഇത് ആരാധകർക്ക് നൽകുക.

# ഓസ്ട്രേലിയ, ന്യൂസിലൻഡ് അഡ്മിഷൻ ദിനം 29ന് കൊച്ചി സാന്റാമോണിക്കയിൽ

**കൊച്ചി:** പ്ലസ് ടു/ഡിഗ്രി/ മാസ്റ്റേഴ്സ് കഴിഞ്ഞവർക്ക് ഓസ്ട്രേലിയ, ന്യൂസിലൻഡ് എന്നിവിടങ്ങളിലെ മുൻനിര സർവകലാശാലകൾ, ഇൻസ്റ്റിറ്റ്യൂഷനുകൾ എന്നിവയിലെ പ്രതിനിധികളെ നേരിൽക്കണ്ട് ഡിപ്ലോമ, ഡിഗ്രി, ഡിഗ്രി ഡിപ്ലോമ, പിജി ഡിപ്ലോമ മാസ്റ്റേഴ്സ്, മാസ്റ്റേഴ്സ് ബൈ റിസർച്ച് തലത്തിലുള്ളതും ഈ രാജ്യങ്ങളിൽ ഉയർന്ന കരിയർ സാധ്യതയും/ ലോംഗ് ടേം സ്കിൽ ഷോട്ടേജ് ലിസ്റ്റിൽ പെടുന്നതുമായ കോഴ്സുകൾ പരിചയപ്പെടാം.

Santa monica
Study Abroad Pvt. Ltd.

കൊച്ചി രവിപുരത്തുള്ള സാന്റാമോണിക്ക ഓഫീസിൽ 29ന് രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞു മൂന്നുവരെയാണ് കോഴ്സുകൾ പരിചയപ്പെടാനുള്ള അവസരം. പ്രവേശനം സൗജന്യമാണ്. സ്റ്റുഡൻറ് വിസ നിയമത്തിൽ വന്നിട്ടുള്ള ഏറ്റവും പുതിയ അപ്ഡേറ്റുകളും അറിയാം. സൗജന്യ കൗൺസലിംഗ്, പ്രൊഫൈൽ അസെസ്മെൻറ്/ സ്പോട്ട് അഡ്മിഷൻ അവസരവും യോഗ്യത അടിസ്ഥാനത്തിലുള്ള 20 ശതമാനം മുതൽ 100 ശതമാനം വരെ സ്കോളർഷിപ്പുകളും നേടാനാകും.

ഇവൻറ് ദിനത്തിൽ ചേർന്നു പഠിക്കുന്ന വിദ്യാർഥികൾക്ക് ഐഇഎൽടിഎസ്/പിടിഇ കോഴ്സ് ഫീസിൽ 40 ശതമാനം കിഴിവ് ലഭിക്കും. സ്പോട്ട് അസെസ്മെൻറ്/ പ്രോസസിംഗ് ആഗ്രഹിക്കുന്നവർ പത്ത് മുതലുള്ള യോഗ്യത സർട്ടിഫിക്കറ്റുകളുടെ കോപ്പി/പാസ്പോർട്ട് കോപ്പി, രണ്ട് പാസ് പോർട്ട് സൈസ് ഫോട്ടോഗ്രാഫ് ഐഇഎൽടിഎസ്/പിടിഇ സ്കോർ ഉണ്ടെങ്കിൽ അതും കരുതണം.

ഓൺലൈൻ രജിസ്റ്റർ ചെയ്യുന്നവർക്ക് ഈ മെയിലിൽ ലഭിക്കുന്ന എൻട്രി പാസ് ഉപയോഗിച്ചു എക്സ്പോയിൽ പ്രവേശിക്കാം. സ്പോട്ട് രജിസ്ട്രേഷൻ സൗകര്യവും ഉണ്ടായിരിക്കും. വിവരങ്ങൾക്കും രജിസ്ട്രേഷനും www. santamonicaedu.in 0484 4150999, 9645222999.




മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ സ്മരണയിലുള്ള ജനനി അവാർഡ്, മുഖ്യമന്ത്രി വി ഡി സതീഷനിൽ നിന്ന് മുത്തൂറ്റ് ഗ്രൂപ്പിന്റെ ഭാഗമായ ഡൽഹി സെന്റ് ജോർജ് സ്കൂളിന്റെയും പോൾ ജോർജ് ഗ്ലോബൽ സ്കൂളിന്റെയും ഡയറക്ടറും വിദ്യാഭ്യാസ വിദഗ്ധയുമായ സാറ ജോർജ് മുത്തൂറ്റ് ഏറ്റുവാങ്ങുന്നു. ബിസിനസ് നേതൃത്വത്തിലെ മികവിനാണ് അവാർഡ്.

# എയു സ്മോൾ ഫിനാൻസ് ബാങ്കിന്റെ അറ്റാദായത്തിൽ 37 ശതമാനം വളർച്ച

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ സ്മോൾ ഫിനാൻസ് ബാങ്കായ എയു സ്മോൾ ഫിനാൻസ് ബാങ്കിന്റെ 2026 ജൂൺ 30ന് അവസാനിച്ച നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിലെ അറ്റാദായം മുൻവർഷത്തെ അപേക്ഷിച്ച് 37 ശതമാനം വർദ്ധിച്ച് 796 കോടി രൂപയായി ഉയർന്നു.

AU SMALL FINANCE BANK

അറ്റ പലിശ വരുമാനം മുൻവർഷത്തെ അപേക്ഷിച്ച് 32 ശതമാനം വളർച്ചയോടെ 2,695 കോടി രൂപയായി ഉയർന്നു. അറ്റ പലിശ ലാഭനിരക്ക് വാർഷിക അടിസ്ഥാനത്തിൽ 47 ബിപിഎസ് വർദ്ധനവോടെ 5.9 ശതമാനമായി മെച്ചപ്പെട്ടു. പ്രവർത്തന ലാഭം മുൻവർഷത്തെക്കാൾ 9 ശതമാനം വർദ്ധിച്ച് 1,435 കോടി രൂപയിലെത്തി. ട്രഷറി വരുമാനം കൂടാതെയുള്ള പ്രവർത്തന ലാഭം 41 ശതമാനം വർദ്ധനവോടെ 1,426 കോടി രൂപയായി.

ബാങ്കിന്റെ വാർഷിക ആസ്തി ലാഭനിരക്ക് 1.7 ശതമാനത്തിലും ഓഹരി മൂലധന ലാഭനിരക്ക് 15.6 ശതമാനത്തിലും എത്തി. ബാങ്കിന്റെ പ്രവർത്തന ചെലവുകൾ 26 ശതമാനം വർദ്ധിച്ച് 1,949 കോടി രൂപയായി. ഇതര വരുമാനം 33 ശതമാനം വളർച്ചയോടെ 680 കോടി രൂപ രേഖപ്പെടുത്തി.

ആകെ നിക്ഷേപങ്ങൾ മുൻവർഷത്തെ അപേക്ഷിച്ച് 24 ശതമാനവും മുൻപാദത്തെ അപേക്ഷിച്ച് 3 ശതമാനവും വർദ്ധിച്ച് 1,57,727 കോടി രൂപയായി. കാസ നിക്ഷേപങ്ങൾ വാർഷിക അടിസ്ഥാനത്തിൽ 22 ശതമാനം വളർച്ച രേഖപ്പെടുത്തിയതോടെ ബാങ്കിന്റെ കാസ അനുപാതം 29 ശതമാനമായി തുടരുന്നു.

ആകെ വായ്പകൾ മുൻവർഷത്തെക്കാൾ 23 ശതമാനം വളർച്ചയോടെ 1,44,250 കോടി രൂപയായി. വായ്പാ വിതരണത്തിൽ മാത്രം 42 ശതമാനത്തിന്റെ വാർഷിക വളർച്ചയുണ്ടായി. ഈടിന്മേലുള്ള വായ്പാ വിഭാഗം 25 ശതമാനവും, ഈടില്ലാത്ത വായ്പാ വിഭാഗം 11 ശതമാനവും വാർഷിക വളർച്ച കൈവരിച്ചു.

ബാങ്കിന്റെ മൊത്തം കിട്ടാക്കട നിരക്ക് 2.10 ശതമാനവും അറ്റ കിട്ടാക്കട നിരക്ക് 0.76 ശതമാനവുമാണ്. പുതിയ കിട്ടാക്കടങ്ങൾ 22 ശതമാനം കുറഞ്ഞ് 798 കോടി രൂപയായി മാറിയിട്ടുണ്ട്. ബാങ്കിന്റെ ആകെ വകയിരുത്തലുകൾ മുൻവർഷത്തെക്കാൾ 30 ശതമാനം കുറഞ്ഞ് 371 കോടി രൂപയായി. ഇതിൽ ചില പ്രത്യേക ബിസിനസ് വിഭാഗങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായുള്ള 23 കോടി രൂപയുടെ ഒറ്റത്തവണ വകയിരുത്തലും ഉൾപ്പെടുന്നു. വാർഷിക വായ്പാ നഷ്ട നിരക്ക് മുൻവർഷത്തെ ഒന്നാം പാദത്തിലെ 1.4 ശതമാനത്തിൽ നിന്നും 0.8 ശതമാനമായി ഗണ്യമായി കുറഞ്ഞു.



# അമൽജ്യോതി ബിസിനസ് സ്കൂൾ ഉദ്ഘാടനം ചെയ്തു

**കാഞ്ഞിരപ്പള്ളി:** വ്യവസായവും വിദ്യാഭ്യാസവും ഏകോപിപ്പിച്ച് പോയെങ്കിൽ മാത്രമേ തൊഴിലില്ലായ്മക്കു പരിഹാരം കാണാൻ സാധിക്കുകയുള്ളുവെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ.

കാഞ്ഞിരപ്പള്ളി അമൽജ്യോതി കോളജ് ഓഫ് എൻജിനിയറിംഗ് സിൽവർ ജൂബിലി വർഷത്തിൽ ആരംഭിച്ച അമൽ ജ്യോതി ബിസിനസ് സ്കൂളിന്റെ ഉദ്ഘാടനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു മന്ത്രി. കേരളത്തിൽ ഏറ്റവും പൊട്ടൻഷ്യൽ ഉള്ള മേഖല വിദ്യാഭ്യാസ മേഖലയാണ്.

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പരമാവധി അക്കാഡമിക് ഓട്ടോണമി ലഭ്യമാക്കി പ്രവർത്തിക്കാൻ അവസരമൊരുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളത്തെ ആഗോള വിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിനായി എയ്ഡഡ്, സ്വാശ്രയ മാനേജ്മെൻറുകൾ സർക്കാരുമായി ഒരുമിച്ച് പ്രവർത്തിക്കണം.

വിദ്യാർഥികൾ ആഗ്രഹിക്കുന്ന തൊഴിലവസരങ്ങൾ ഇവിടെ ലഭിക്കുന്നില്ല. മാറുന്ന തൊഴിൽ സാഹചര്യങ്ങൾ മുൻകൂട്ടി കണ്ട് പുതിയ കോഴ്സുകൾ ഒരുക്കി വിദ്യാർഥികളെ സജ്ജരാക്കണമെന്നും മന്ത്രി പറഞ്ഞു. കാഞ്ഞിരപ്പള്ളി ബിഷപ് മാർ ജോസ് പുളിക്കൽ അധ്യക്ഷത വഹിച്ചു.

റോണി കെ. ബേബി എംഎൽഎ, പഞ്ചായത്ത് പ്രസിഡൻറ് സുനി പത്യാല, കോളജ് ഗവേണിംഗ് ബോഡി ചെയർമാൻ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, ഡയറക് ടർ ഫാ. ഡോ. റോയി പഴയപറമ്പിൽ, അമൽ ജ്യോതി ബിസിനസ് സ്കൂൾ ഡയറക്ടർ ഡോ. തോമസ് ജോസഫ് എന്നിവർ പ്രസംഗിച്ചു.

അന്താരാഷ്ട്ര നിലവാരത്തിലുള്ള മാനേജ്മെൻറ് വിദ്യാഭ്യാസം ലക്ഷ്യമിട്ട് ആരംഭിച്ചിരിക്കുന്ന അമൽ ജ്യോതി ബിസിനസ് സ്കൂളിൽ ഐഐഎം, ഐഐടി ഉൾപ്പെടെയുള്ള രാജ്യത്തെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപനഗവേഷണ രംഗത്ത് ദീർഘകാല പ്രവർത്തനപരിചയമുള്ള അധ്യാപകരുടെ നേതൃത്വത്തിലാണ് പഠന പരിശീലന പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്.



# തിരുവനന്തപുരത്ത് ഗ്ലോബൽ കോംപീറ്റൻസി സെന്റർ

**തിരുവനന്തപുരം:** ജർമനി ആസ്ഥാനമായ ഡി സ്പേസ് ഗ്രൂപ്പിന്റെ ഇന്ത്യൻ സബ്സിഡിയറി ഇന്ത്യ സോഫ് റ്റ് വെയർ ആൻഡ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് തിരുവനന്തപുരത്തെ കോംപീറ്റൻസി സെന്റർ വിപുലീകരിച്ചു.

അടുത്ത തലമുറയുടെ മൊബിലിറ്റി സൊല്യൂഷനുകളുടെ വേഗതയേറിയ വളർച്ചയ്ക്ക് അനുസരിച്ച് ദീർഘകാല ഇന്നൊവേഷൻ ഹബ്ബായാണ് ഈ സെന്റർ വിപുലീകരിച്ചിരിക്കുന്നത്.

പ്രാദേശിക ഓട്ടോമോട്ടീവ് ആവശ്യങ്ങൾക്കൊപ്പം ആഗോള തലത്തിലുള്ള ഓട്ടോമോട്ടീവ്, എയറോസ്പേസ് ഉപഭോക്താക്കൾക്ക് വേണ്ടി അത്യാധുനിക സോഫ്റ്റ്‌വേർ വികസനം, സിമുലേഷൻ ആർക്കിടെക്ചറുകൾ, വാലിഡേഷൻ സൊല്യൂഷനുകൾ എന്നിവയിൽ സെന്റർ നേതൃത്വം വഹിക്കും. ഡി സ്പേസ് ഗ്രൂപ്പ് വൈസ് പ്രസിഡൻറ് ജൂലിയ ഗിറോൾസ്റ്റീൻ ഉദ്ഘാടനം ചെയ്തു.

## 99.81% വ്യക്തിഗത ക്ലെയിം സെറ്റിൽമെന്റ് അനുപാതം കൈവരിച്ച് പി എൻ ബി മെറ്റ് ലൈഫ്

**കൊച്ചി:**ഇന്ത്യയിലെ പ്രമുഖ ലൈഫ് ഇൻഷുറൻസ് കമ്പനികളിലൊന്നായ പിഎൻബി മെറ്റ് ലൈഫ്, 202526 സാമ്പത്തിക വർഷത്തിൽ മികച്ച ക്ലെയിം സെറ്റിൽമെന്റ് പ്രകടനം കാഴ്ചവെച്ചു.ഈ കാലയളവിൽ 99.81% വ്യക്തിഗത ക്ലെയിം സെറ്റിൽമെന്റ് അനുപാതവും 99.70% ഗ്രൂപ്പ് ക്ലെയിം സെറ്റിൽമെന്റ് അനുപാതവുമാണ് കമ്പനി കൈവരിച്ചത്. ഉപഭോക്താക്കൾക്ക് ഏറ്റവും ആവശ്യമായ സമയത്ത് അവർക്കൊപ്പമുണ്ടാകുമെന്ന കമ്പനിയുടെ പ്രതിബദ്ധതയാണ് ഈ നേട്ടത്തിലൂടെ വീണ്ടും ഉറപ്പിക്കുന്നത്.

26 സാമ്പത്തിക വർഷത്തിൽ 526.62 കോടി രൂപ മൂല്യമുള്ള 6,188 വ്യക്തിഗത ക്ലെയിമുകളും, 502.69 കോടി രൂപ മൂല്യമുള്ള 6,868 ഗ്രൂപ്പ് ക്ലെയിമുകളുമാണ് കമ്പനി തീർപ്പാക്കിയത്. സേവനവേഗതയിലും ശ്രദ്ധേയമായ നേട്ടമാണ് പിഎൻബി മെറ്റ് ലൈഫ് കൈവരിച്ചത്. ആവശ്യമായ എല്ലാ രേഖകളും ലഭിച്ചതിന് ശേഷം 99.98% ക്ലെയിമുകൾ 30 ദിവസത്തിനുള്ളിലും, 95% ക്ലെയിമുകൾ 7 ദിവസത്തിനുള്ളിലും, 35% ക്ലെയിമുകൾ ഒരു ദിവസത്തിനുള്ളിലും തീർപ്പാക്കാൻ സാധിച്ചു. കൂടാതെ, 'ക്ലെയിംസ് അഷ്വർ 3 അവർസ്' പദ്ധതിയിലൂടെ 56.67 കോടി രൂപ മൂല്യമുള്ള 1,681 ക്ലെയിമുകളിൽ മൂന്ന് മണിക്കൂറിനുള്ളിൽ തീരുമാനമെടുക്കാനും തുടർന്ന് പരമാവധി ഒരാഴ്ചയ്ക്കുള്ളിൽ അവ തീർപ്പാക്കാനും കമ്പനിക്ക് കഴിഞ്ഞു.

ഉപഭോക്താക്കൾക്കായി ഡിജിറ്റൽ, ഫിസിക്കൽ സംവിധാനങ്ങൾ കൂടുതൽ എളുപ്പമാക്കിയിട്ടുണ്ട്. ഖുശി ആപ്പ്, കമ്പനിയുടെ വെബ്സൈറ്റ്, വാട്സ്ആപ്പ്, പങ്കാളി ബാങ്ക് ശാഖകൾ, പിഎൻബി മെറ്റ് ലൈഫ് ശാഖകൾ എന്നിവ വഴി ക്ലെയിം അപേക്ഷകൾ സമർപ്പിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ടെന്ന് കമ്പനി വ്യക്തമാക്കി. ഉപഭോക്താക്കളുടെ ജീവിതത്തിലെ പ്രയാസകരമായ ഘട്ടങ്ങളിൽ വേഗത്തിലും ലളിതമായും സഹാനുഭൂതിയോടെയും സേവനം നൽകാനാണ് മുൻഗണന നൽകുന്നതെന്ന് പിഎൻബി മെറ്റ് ലൈഫ് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ സമീർ ബൻസാൽ അഭിപ്രായപ്പെട്ടു.

## 36% വളർച്ചയോടെ 3,068 കോടി അറ്റാദായം നേടി ബാങ്ക് ഓഫ് ഇന്ത്യ

**കൊച്ചി:** രാജ്യത്തെ പ്രമുഖ പൊതുമേഖലാ ബാങ്കായ ബാങ്ക് ഓഫ് ഇന്ത്യ നടപ്പു സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ മികച്ച ലാഭം കൈവരിച്ചു. 36.23 ശതമാനം വാർഷിക വളർച്ചയോടെ ബാങ്കിന്റെ അറ്റാദായം 3,068 കോടി രൂപയായി. മുൻവർഷം സമാന പാദത്തിൽ ഇത് 2,252 കോടി രൂപയായിരുന്നു. 25.99 ശതമാനം വളർച്ചയോടെ ബാങ്കിന്റെ പ്രവർത്തന ലാഭം 5,051 കോടി രൂപയായും ഉയർന്നു.

ബാങ്ക് കൈകാര്യം ചെയ്യുന്ന മൊത്തം ബിസിനസ് 16.57 ശതമാനം വർധിച്ച് 17.55 ലക്ഷം കോടി രൂപയായി. ആഗോള നിക്ഷേപം 14.90 ശതമാനം വളർച്ചയോടെ 9.57 ലക്ഷം കോടി രൂപയായി. ആഗോള വായ്പ 18.64 ശതമാനം വർധിച്ച് 7.97 ലക്ഷം കോടി രൂപയിലെത്തി.

ബാങ്കിന്റെ അസറ്റ് ക്വാളിറ്റിയും കൂടുതൽ ശക്തമായിട്ടുണ്ട്. ഗ്രോസ് നോൺ പെർഫോമിങ് അസറ്റ് ഇക്കാലയളവിൽ 111 ബേസിസ് പോയിന്റുകൾ മെച്ചപ്പെട്ട് 1.81% എന്ന നിലയിലെത്തി. സമാന കാലയളവിൽ നെറ്റ് എൻ.പി.എ 24 ബേസിസ് പോയിന്റുകൾ മെച്ചപ്പെട്ട് 0.51% ആയി മാറി.

ബാങ്കിന്റെ മൊത്തത്തിലുള്ള സാമ്പത്തിക അടിത്തറയും പ്രവർത്തനക്ഷമതയും കൂടുതൽ കരുത്താർജ്ജിച്ചതോടെ റിട്ടേൺ ഓൺ അസറ്റ്സ് 1.01 ശതമാനമായും, റിട്ടേൺ ഓൺ ഇക്വിറ്റി 16.12 ശതമാനമായും വർധിച്ചു. കാസ (കറന്റ് അക്കൗണ്ട്; സേവിങ്സ് അക്കൗണ്ട്) നിക്ഷേപം മുൻ വർഷത്തെ അപേക്ഷിച്ച് 7.18 ശതമാനം വർധിച്ച് 3.02 ലക്ഷം കോടി രൂപയായി. ബാങ്കിന്റെ കാസ അനുപാതം 36.68 ശതമാനമായി.

## കരൺ ജോഹർ സ്റ്റോവ പാരിസിന്റെ ബ്രാൻഡ് അംബാസഡർ

**കൊച്ചി:** എൻകോംപസ് ഡിസൈൻ ഇന്ത്യ ലിമിറ്റഡ് തങ്ങളുടെ പ്രീമിയം ഹോം ഫാഷൻ ബ്രാൻഡായ സ്റ്റോവ പാരിസിന്റെ ബ്രാൻഡ് അംബാസഡറായി ബോളിവുഡ് സംവിധായകൻ കരൺ ജോഹറെ നിയമിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com